Reg. No.: ...............................

Name: ...............................

DON BOSCO ARTS AND SCIENCE COLLEGE LIBRARY ANGADIKADAVU

M 7890

## Second Semester B.Com./BBA/BBM/BBATTM Degree Examination, May 2010
## MALAYALAM (Common)
## Course No. 2 – 2A08 – 1 MAL : ഭാഷയും ആശയ വിനിമയവും

Time : 3 Hours                                                                 Total Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം (വെയിറ്റേജ് **1**)

1) a) 'മേഘരൂപൻ'എന്ന കവിത രചിച്ചതാര് ?

b) നമ്മുടെ എല്ലാ താളമേളങ്ങളുടെയും കേന്ദ്രബിന്ദു എന്താണ് ?

c) എങ്ങനെയുള്ള മേഘത്തെയാണ് കാളിദാസൻ വർണ്ണിച്ചത് ?

d) 'മേഘരൂപൻ' എന്ന കവിതയ്ക്ക് കേരളത്തനിമയുടെ ഒരു പരിവേഷം നല്കുന്ന പദങ്ങളേതെല്ലാം ?

2) a) 'ഋഷിസംഘജുഷ്ടം' എന്ന പദത്തിന്റെ അർത്ഥമെന്ത് ?

b) 'സദാചാരാനുസന്ധാനം' എന്ന പ്രകരണ ഗ്രന്ഥത്തിന്റെ കർത്താവാര് ?

c) സുകുമാർ അഴീക്കോടിന്റെ ഹൃദയത്തിൽ രോമാഞ്ചമുണ്ടാക്കിയ വാക്യമേത് ?

d) 'The idea of the Holy' – രചിച്ചതാര് ?

3) a) 'പരദേശി'എന്ന സിനിമ സംവിധാനം ചെയ്തതാര് ?

b) കച്ചവടത്തിന് മലായിക്കാർ പറയുന്ന പേരെന്ത് ?

c) ജർമ്മനിയിലെ ഏറ്റവും വലിയ പരദേശിക്കൂട്ടം ആരൊക്കെയാണ് ?

d) ഇന്ത്യാ വിഭജനത്തിനു ശേഷമുള്ള സംഭവങ്ങൾ കൈകാര്യം ചെയ്യുന്ന ഗോവിന്ദ് നിഹ്ലാനിയുടെ സിനിമയേത് ?

P.T.O.

4) a) വാല്യക്കാർ ജന്മിയെ അഭിസംബോധന ചെയ്യാൻ ഉപയോഗിക്കുന്ന പദമേത് ?

b) ചെമ്മീൻ കെട്ടിന്റെ ബണ്ടിന് വിള്ളലുണ്ടാകുമ്പോൾ കെട്ടിയാടുന്ന തെയ്യമേത് ?

c) പൊക്കുടന് ഏറ്റവും ഇഷ്ടപ്പെട്ട രാഷ്ട്രീയ നേതാവ് ആര് ?

d) കോഴിപ്പേൻ അകറ്റാൻ ഉപയോഗിക്കുന്ന കണ്ടൽ ഏത് ?

5) a) 'മലയാള ശൈലി'യുടെ കർത്താവാര് ?

b) 'വസുധൈവ കുടുംബകം' എന്ന ആപ്തവാക്യത്തിന്റെ അർത്ഥമെന്ത് ?

c) 'പ്രത്യയശാസ്ത്രം' എന്ന മലയാളപദം ഏത് ഇംഗ്ലീഷ് പദത്തിന്റെ തർജ്ജിമയാണ് ?

d) 2005 – ൽ വൃക്ഷമിത്ര പുരസ്കാരം ലഭിച്ചതാർക്ക് ? **(4×1=4 Weightage)**

II. **ഏഴുപത്തിയഞ്ച്** വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നിന്റെയും** മൂല്യം (വെയിറ്റേജ് **1**).

6) 'മേഘരൂപൻ' എന്ന തലക്കെട്ടിന്റെ ശൈലീപരമായ പ്രത്യേകതയെന്ത് ?

7) ഉപനിഷത്തുകളെക്കുറിച്ച് ഗാന്ധിജിയുടെ കാഴ്ചപ്പാടെന്തായിരുന്നു ?

8) 'പരദേശി'യുടെ പ്രമേയമെന്ത് ?

9) ഏതെല്ലാം കാര്യങ്ങളിലാണ് ഒരു വിവർത്തകന് വൈദഗ്ധ്യം ഉണ്ടാകേണ്ടത് ?

10) ഹരിജനങ്ങൾ മതം മാറാനുണ്ടായ സാഹചര്യം പൊക്കുടൻ സ്മരിക്കുന്നതെങ്ങനെ ? **(4×1=4 Weightage)**

III. **നൂറ്റമ്പതു** വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നിന്റെയും** മൂല്യം (വെയിറ്റേജ് **2**).

11) പ്രതിപ്രവർത്തനവും പരസ്പരാശ്രിതത്വവും എന്നാലെന്ത് ? ഉദാഹരണ സഹിതം വിവരിക്കുക.

12) സമുദായവും പാർട്ടിയും പൊക്കുടന് അന്യമായി തോന്നിയതെന്തുകൊണ്ട് ?

13) 'കുഞ്ഞികാതറിന്റെ നാട്ടുവഴികളിലൂടെയുള്ള യാത്രകൾ, രാജകീയമായിരുന്നു' – എങ്ങനെ ?

14) ഇൻഡോളജിസ്റ്റുകളുടെ സവിശേഷ ശ്രദ്ധാപതിയേണ്ട പ്രശ്നങ്ങൾ ഏതെല്ലാം ?

15) 'നീ കൃഷ്ണശിലതൻ താളം' ഈ വരി സൃഷ്ടിക്കുന്ന അർത്ഥതലമെന്ത് ?

16) 'ഒത്ത പെണ്ണില്ല' എന്ന നാടൻ പാട്ടിലെ ഭാഷാപരമായ പ്രത്യേകതകൾ വിവരിക്കുക. **(5×2=10 Weightage)**

IV. **മൂന്നൂറുവാക്കിൽ** കവിയാതെ ഏതെങ്കിലും **മൂന്നു** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നിന്റെയും** മൂല്യം (വെയിറ്റേജ് **4)**

17) 'മേഘരൂപൻ' എന്ന കവിതയിലെ നിഷേധ വാക്യങ്ങളും വിധി വാക്യങ്ങളും ആനയുടെ ആത്മസത്തയെ അനാവരണം ചെയ്യുന്നതെങ്ങനെ ?

18) 'പരദേശി' മുന്നോട്ടു വയ്ക്കുന്ന ഉപപാഠങ്ങൾ ഏതെല്ലാം ? ഓരോന്നും വിശദമാക്കുക.

19) 'ഇന്ത്യയിൽ സമൂഹം, ഭാഷ, സാഹിത്യം ഇവയുടെ പരിണാമത്തെക്കുറിച്ച് സൂക്ഷ്മതയാർന്ന ഉൾക്കാഴ്ച്ചയാണ് ഇ. എം. എസ്. പ്രകടിപ്പിച്ചിട്ടുള്ളത് ' – ഉപന്യസിക്കുക.

20) ഒരു മികച്ച പക്ഷി നിരീക്ഷകനാവാൻ എന്തൊക്കെയാണ് ചെയ്യേണ്ടതെന്നതിനെക്കുറിച്ചുള്ള ജോൺസി ജേക്കബ്ബിന്റെ നിർദ്ദേശങ്ങൾ സംഗ്രഹിക്കുക.

**(3×4=12Weightage)**

______________